"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം -വയനാട് ജില്ലാ പഞ്ചായത്തിന്റെ 27.02.2026 ലെ 12/1 നമ്പർ തീരുമാനം, 12.03.2026 ലെ 13/1 നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർനടപടികൾക്കായി റഫർ ചെയ്യുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1190/2026/LSGD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:-
1. സ.ഉ (സാധാ) നമ്പർ .1440/2022/LBR, തീയതി 08.12.2022.
2. വയനാട് ജില്ലാ പഞ്ചായത്തിന്റെ 27.02.2026 ലെ 12/1 നമ്പർ തീരുമാനം.
3. വയനാട് ജില്ലാ പഞ്ചായത്തിന്റെ 12.03.2026 ലെ 13/1 നമ്പർ തീരുമാനം
4. വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.03.2026 ലെ 6785987/2025 നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലാ പഞ്ചായത്തിലെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക വാഹനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നടത്തിയ നിയമനം റദ്ദ് ചെയ്യണമെന്ന വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിയോജന കുറിപ്പ് അംഗീകരിക്കാത്ത വയനാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം(2), പരാമർശം (3) തീരുമാനങ്ങൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം തുടർ നടപടികൾക്കായി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലേയും പി എസ് സി യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ സ്ഥിരം കരാർ, താത്ക്കാലികം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണെന്ന തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വയനാട് ജില്ലാ പഞ്ചായത്തിലെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക വാഹനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ തികച്ചും താൽക്കാലികമായി ഡ്രൈവർമാരെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ് എന്ന വിഷയം 27.02.2026 ലെ ഭരണസമിതി യോഗത്തിൽ പന്ത്രണ്ടാം നമ്പർ അജണ്ടയായി ഉൾപ്പെടുത്തുകയും ആയത് ഭരണ സമിതി ചർച്ച ചെയ്യുകയും പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വയനാട് ജില്ലാ പഞ്ചായത്തിലെ മേൽപ്പറഞ്ഞ

തസ്തികകളിൽ നിയമനം നടത്തേണ്ടതില്ല എന്ന് പരാമർശം (2) തീരുമാനപ്രകാരം തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത തീരുമാനം സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാകയാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തുകയും ആയത് പുനഃ പരിശോധിക്കണമെന്ന് സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടുകയും ആയത് 12.03.2026 ലെ ഭരണസമിതി പരിഗണിക്കുകയും പരാമർശം (3) തീരുമാനം പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ആദ്യ തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്ത സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ സർക്കാരിലേക്ക് വിയോജനക്കുറിപ്പ് സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ പഞ്ചായത്തിലെ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക വാഹനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ തികച്ചും താൽക്കാലികമായി ഡ്രൈവർമാരെ നിയമിച്ച വയനാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), (4) തീരുമാനങ്ങൾ, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(3) സെക്ഷൻ 191 പ്രകാരം റദ്ദ് ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, പാളയം, തിരുവനന്തപുരം (മുകളിൽ പരാമർശ പകർപ്പുകൾ സഹിതം ആമുഖ കത്തോടുകൂടി)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, വയനാട്(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 114/ഇപിഎ2/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 27-06-2026 14:29:11